**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 552** — **21-03-2023 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ആരംഭിക്കുന്ന പദ്ധതികൾ പൂർത്തിയാകുന്നത് വരെയുള്ള ഓരോ ഘട്ടത്തിലെയും പുരോഗതി ജനങ്ങളെയും ജനപ്രതിനിധികളെയും അറിയിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് ജനകീയമാക്കുന്നതിനും, സുതാര്യത ഉറപ്പവരുത്തുന്നതിനുമായി "തൊട്ടറിയാം പി.ഡബ്ല്യു.ഡി." എന്ന പേരിലുള്ള പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ഒരു പ്രവൃത്തി ആരംഭിച്ചാൽ അത് പൂർത്തിയാകുന്നതുവരെ ഓരോ ഘട്ടത്തിലുമുള്ള പുരോഗതിയും അറിയാനുള്ള സംവിധാനമാണിത്. ഈ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് പ്രവൃത്തിയുടെ വിശദവിവരങ്ങൾ ലഭ്യമാകുന്നു. കരാറുകാർക്ക് പ്രശ്നങ്ങൾ അറിയിക്കാനും ജനപ്രതിനിധികൾക്ക് പദ്ധതി പുരോഗതി വിലയിരുത്താനും പരാതികൾ അറിയിക്കാനുള്ള അവസരവും ലഭ്യമാണ്.<br><br>പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഒരു ചീഫ് നോഡൽ ഓഫീസറും രണ്ട് റീജിയണൽ നോഡൽ ഓഫീസർമാരും 14 ജില്ലകളിലായി 140 നിയോജക മണ്ഡലങ്ങളിൽ 140 നോഡൽ ഓഫീസർമാരും ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ മോണിറ്ററിംഗ് ടീം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നിയോജകമണ്ഡലതല പൊതുമരാമത്ത് പ്രവൃത്തികളുടെ നിരീക്ഷണം, നിയോജക മണ്ഡലങ്ങളുടെ അവലോകനയോഗങ്ങൾ നടത്തുക, ജനപ്രതിനിധികളുമായി ചർച്ച നടത്തുക, പ്രവൃത്തികളുടെ പുരോഗതിയെക്കുറിച്ചും പ്രവൃത്തികളുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇതു സംബന്ധിച്ച വിവരങ്ങൾ ജില്ലാതലത്തിലും ചീഫ് എഞ്ചിനീയർ തലത്തിലും ഗവൺമെന്റ് തലത്തിലും അറിയിച്ച് തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടപ്പിൽ വരുത്തുന്നത്. |
| (ബി) | സംസ്ഥാനത്ത് പൂർത്തീകരിക്കുന്ന റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി പ്രത്യേകമായി കരാറുകൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ റോഡുകളുടെ പരിപാലനം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 'പോട്ട്ഹോൾ ഫ്രീ കേരള' എന്ന സമഗ്ര പദ്ധതിക്ക് പൊതുമരാമത്ത് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. റോഡ് പ്രവൃത്തികൾ എല്ലാം തന്നെ നിശ്ചിത ബാധ്യാതാകാലയളവ് ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം ബാധ്യതാകാലയളവിൽ ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കേണ്ടത് ബന്ധപ്പെട്ട കരാറുകാരുടെ ഉത്തരവാദിത്തമാണ്. മേൽ നിബന്ധന കർശനമായി പാലിക്കുന്നതിന്റെ ഭാഗമായി ബാധ്യതാകാലയളവിലുള്ള എല്ലാ റോഡുകളിലും ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുകയും ബാധ്യതാകാലയളവിലുള്ള റോഡുകളുടെ വിശദാംശങ്ങൾ പൊതുമരാമത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബാധ്യതാകാലയളവിനു ശേഷവും നിശ്ചിത കാലത്തേക്ക് റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതിന് ഔട്ട്പുട്ട് ആന്റ് പെർഫോർമെൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് മാതൃകയിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>നിലവിൽ റോഡ് പ്രവൃത്തികൾ നടപ്പിലാക്കിവരാത്തതും ബാധ്യതാ കാലയളവിൽ ഉൾപ്പെടാത്തതുമായ റോഡുകളുടെ സമയബന്ധിതമായ പരിപാലനം ഉറപ്പാക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് റണ്ണിംഗ് കോൺട്രാക്ട് പദ്ധതി. 20,017 Km റോഡ് റണ്ണിംഗ് കോൺട്രാക്ടിന്റെ പരിധിയിൽ കൊണ്ടു വരുവാൻ സാധിച്ചിട്ടുണ്ട്. നിലവിൽ 12332 കി.മീ. റോഡിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ 7685 കി.മീ. റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ തുടരുകയാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുന്നതെന്നും ഇതുവഴി എന്തൊക്കെ നേട്ടങ്ങളാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കാമോ? | (സി) | റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ വഴി റോഡുകളുടെ പരിപാലനം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധിക്കുന്നു. റോഡുകളുടെ ഉപരിതലം ഗതാഗതയോഗ്യമായി സംരക്ഷിക്കുന്നതിനാവശ്യമായ പാച്ച് വർക്ക്, പോട്ട് ഹോൾ ഫില്ലിംഗ്, ഓടകളുടേയും കലുങ്കുകളുടേയും അറ്റകുറ്റപ്പണികൾ, ഓടകളുടെ ശുചീകരണം, |

| | | | |
|---|---|---|---|
| | | | അപകടകരമായ മരച്ചില്ലകളുടേയും മരങ്ങളുടേയും വെട്ടിമാറ്റൽ, ഷോൾഡറുകളുടെ സംരക്ഷണം തുടങ്ങിയ വിവിധ പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ